**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173** **30-09-2025 - ൽ മറുപടിയ്ക്ക്**

**തടവുകാരുടെ മാനസികാരോഗ്യ പരിശോധനയും കൗൺസിലിംഗ് സേവനങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ മാനസികാരോഗ്യ പരിശോധനയ്ക്കും കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ ഭൂരിഭാഗം ജയിലുകളിലും തടവുകാരുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായി കൗൺസിലർമാരുടെ സേവനം നൽകി വരുന്നുണ്ട്. സെൻട്രൽ ജയിലുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ജയിലുകളിൽ കരാർ അടിസ്ഥാനത്തിൽ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. അന്തേവാസികളുടെ മാനസികാരോഗ്യ പരിശോധനയ്ക്ക് സമീപത്തെ മെന്റൽ ഹോസ്പിറ്റലിൽ നിന്നുള്ള മനോരോഗവിദഗ്ധന്റെ സേവനവും വിനിയോഗിക്കുന്നുണ്ട്. വെൽഫെയർ ഓഫീസർമാരുള്ള ജയിലുകളിൽ അന്തേവാസികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനവും ഉപയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ